LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

മന്ത്രിസഭാ യോഗം

6 (T* 3096) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2015 ഡിസംബർ 17-ന് ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നറിയിക്കുമോ?

ഉത്തരം

2015 ഡിസംബർ 17-ൽ പ്രത്യേക മന്ത്രിസഭാ യോഗമാണ് ഉണ്ടായിരുന്നത്. പ്രസ്തുത മന്ത്രിസഭാ യോഗം 50 ഇനങ്ങളിൽ തീരുമാനമെടുക്കുകയുണ്ടായി.

മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ മേരി തോമസിന്റെ അപേക്ഷ

7 (3097) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയായ മേരി തോമസ്, പുത്തൻ വീട്ടിൽ, കോവല്ലൂർ P. O. എന്ന വ്യക്തി, ഐ.എ.വൈ. (IAY) പദ്ധതിയിൽ അനുവദിച്ച ഉകയുടെ 3-ാം ഗഡു ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിക്കാരിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത വ്യക്തിക്ക് ഐ.എ.വൈ.(IAY) പദ്ധതിയുടെ 3-ാം ഗഡു നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ & ബി) ശ്രീമതി മേരി തോമസ്, പുത്തൻവീട്ടിൽ, കോവല്ലൂർ പി. ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ആലപ്പുഴ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ, ഗ്രാമവികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരെ പ്രത്യേകം പ്രത്യേകമായി നിയോഗിച്ച് മുന്ന പ്രാവശ്യം അന്വേഷണം നടത്തുകയും ടി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയായ ശ്രീമതി മേരി തോമസിന് മറുപടി നൽകിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ 2013-14-ലെ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി മേരി തോമസ് ഐ.എ.വൈ. പദ്ധതി പ്രകാരം 1,60,000 രൂപ കൈപ്പറ്റി വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് നിർമ്മിച്ച വീടിന്റെ വിസ്തീർണ്ണം 1053 sqf. (98.04 m^2) ആണ്. 2013-14 വർഷത്തിലെ ഐ.എ.വൈ. വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 82.5 m^2 ആയാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 82.5 m2 പരിധിക്കകത്തുള്ള വീട് നിർമ്മിക്കുന്നതിന് ടി ഗുണഭോക്താവ് ബാധ്യസ്ഥയാണ്. എന്നാൽ ശ്രീമതി മേരി തോമസ് നിർമ്മിച്ചിരിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി തറ വിസ്തീർണ്ണമായ 82.5 m^2-നും മുകളിലായതിനാലാണ് ടി ഗുണഭോക്താവിന് തുടർഗഡു ധനസഹായം അനുവദിക്കാതിരുന്നത്. ടി വിവരം ശ്രീമതി മേരി തോമസിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

8 (3099) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് പകരം ഭേദഗതി ചെയ്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽനിന്നും അനുകൂലമായി നേടിയെടുക്കുന്നതിൽ പരാജയപ്പെടാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly